## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3182 — 21/08/2017-ൽ മറുപടിയ്ക്ക്

## ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

| ചോദ്യം<br>ശ്രീ. സി.കൃഷ്ണൻ<br>,, ബി.ഡി. ദേവസ്സി<br>,, എം. നൗഷാദ്<br>,, പി.ടി.എ. റഹീം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടില്ല. മറ്റെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | സാങ്കേതികാനുമതി ആവശ്യമായ പദ്ധതികൾക്ക് ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | പ്രോജക്ട് തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥരോ അല്ലെങ്കിൽ ആ മേലുദ്യോഗസ്ഥരുടെ ജില്ലാതല/ സംസ്ഥാനതല ഉദ്യോഗസ്ഥർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ ആണ് പ്രോജക്ട് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നത്. സമയബന്ധിതമായി സാങ്കേതികാനുമതി നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിട്ടറിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എഞ്ചിനീയർമാർ ഇല്ലാത്തയിടങ്ങളിൽ പകരം ചുമതല നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സാമ്പത്തിക വർഷത്തിലെ ആദ്യ നാലുമാസത്തെ പദ്ധതി ചെലവ് എത്രയാണെന്നും ഇത് വാർഷിക പദ്ധതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ; | (സി) | 668.90 കോടി; 10.85% |
| (ഡി) | 2017-18 വാർഷിക പദ്ധതിയിൽ നൂറ് ശതമാനം തുകയും ഫലപ്രദമായി വിനിയോഗിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2017-18 വാർഷിക പദ്ധതി തുക നൂറ് ശതമാനം വിനിയോഗിക്കുന്നതിന്റെ ഭാഗമായി വാർഷിക പദ്ധതി അംഗീകാര നടപടികൾ ലഘൂകരിക്കുകയും നിർവഹണത്തിന് കൂടുതൽ സമയം ലഭ്യമാക്കുകയും ചെയ്തു. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നിർവഹണം ആരംഭിക്കുന്നതിനും ഓരോ ത്രൈമാസവും 25% തുക ചെലവഴിക്കണമെന്ന നിബന്ധനയോടൊപ്പം സ്പിൽ ഓവർ പ്രോജക്ടുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുള്ള പദ്ധതി നിർവഹണ കലണ്ടർ തയ്യാറാക്കുകയും ഇതിന്മേൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ